## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775** **24-02-2026 - ൽ മറുപടിയ്ക്ക്**

## പാറശ്ശാല മണ്ഡലത്തിൽ കാവും കുളവും പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കാവും കുളവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | വനം വകുപ്പിൽ "കാവും കുളവും" എന്ന പോരിൽ പദ്ധതി നിലവിൽ ഇല്ലാത്തതാണ്. കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗം മുഖേന 24.12.2016 ലെ സ.ഉ(സാധാ).485/16/ വനം, നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.<br><br>ആയതു പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ പരാമർശിത കാലയളവിലെ 22018-19സാമ്പത്തിക വർഷത്തിൽ കൊല്ലയിൽ കൊട്ടുകര ഭഗവതി ദേവസ്വത്തിന് 20000/- രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ ശ്രീനീലകേശി ക്ഷേത്രക്കാവിന് 15000/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്ഥലത്തിനും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പിൽ "കാവും കുളവും" എന്ന പോരിൽ പദ്ധതി നിലവിൽ ഇല്ലാത്തതാണ്. കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കേരള വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗം മുഖേന 24.12.2016 ലെ സ.ഉ(സാധാ).485/16/ വനം, നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.<br><br>ആയതു പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിൽ പരാമർശിത കാലയളവിലെ 22018-19സാമ്പത്തിക വർഷത്തിൽ കൊല്ലയിൽ കൊട്ടുകര ഭഗവതി ദേവസ്വത്തിന് 20000/- രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ ശ്രീനീലകേശി ക്ഷേത്രക്കാവിന് 15000/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സ്ഥലങ്ങൾ ഒന്നുംതന്നെയില്ല. |
| (ഡി) | പാറശ്ശാല മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി വനം വകുപ്പ് വഴി നടപ്പിലാക്കിയ മറ്റ് പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാക്കാമോ? | (ഡി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി വനം വകുപ്പുവഴി മറ്റു പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ